LIBRARY ARCHIVES Kerala Legislative Assembly

തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഫെസ്റ്റിവൽ അലവൻസ്

10 (*580) ശ്രീ. ബി. സത്യൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഓണത്തിന് ഫെസ്റ്റിവൽ അലവൻസ് നൽകാൻ നടപടി സ്വീകരിക്കുമോ ;

(ബി) 2012-13-ൽ ഏകദേശം 35 കോടിയോളം രൂപ വരുന്ന ക്ഷേമപദ്ധതി പ്രഖ്യാപിച്ചിരുന്നോ; അത് നടപ്പിലാക്കുകയുണ്ടായോ ; വിശദമാക്കുമോ ;

(സി) ഓണത്തിനു മുമ്പ് തൊഴിലുറപ്പ് തൊഴിലാളികളുടെ കുടിശ്ശിക വേതനം നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) പരിഗണനയിലില്ല.

(ബി) 2012-13 ൽ തൊഴിലുറപ്പ് പദ്ധതിയിൽ 2011-12 സാമ്പത്തിക വർഷത്തിൽ 100 ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ള സ്ത്രീ തൊഴിലാളികളുടെ സ്കൂൾ, കോളേജ് തലങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് യൂണിഫോം, പുസ്തകം തുടങ്ങിയവ വാങ്ങുന്നതിന് ഒരോ സ്ത്രീ തൊഴിലാളിക്കും 1,000 രൂപ വീതം ധനസഹായം നൽകുന്നതാണെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. 2011-12 സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളിലെ കുറഞ്ഞത് 90 ദിവസമെങ്കിലും പണിയെടുത്ത, 113680 സ്ത്രീ തൊഴിലാളികൾക്ക് 1000 രൂപ വീതം ധനസഹായം നൽകി.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ അവിദഗ്ധ കായിക തൊഴിലിനുള്ള കൂലി പൂർണ്ണമായും കേന്ദ്രസർക്കാരാണ് നൽകുന്നത്. നടപ്പ് സാമ്പത്തികവർഷം കേന്ദ്രം ഒന്നാംഗഡുവായി അനുവദിച്ച 36.770 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു. അടുത്ത ഗഡുവിനുള്ള അപേക്ഷ കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് മുഴുവൻ കുടിശ്ശികയും കൊടുത്ത് തീർക്കുവാൻ സാധിക്കുന്നതാണ്.